# അമൃതയിൽ ശ്ലോക പാരായണമത്സരം

**കൊല്ലം:** അമൃത ആയുർവേദ കോളേജിന്റെയും അമൃതലൈഫിന്റെയും സംയുക്താഭിമുഖ്യത്തിൽ ആയുർവേദവിദ്യാർത്ഥികൾക്കായി ദേശീയതലത്തിൽ ശ്ലോകപാരായണ മത്സരം സംഘടിപ്പിക്കുന്നു. ആയുർവേദ മൂലഗ്രന്ഥമായ അഷ്ടാംഗഹൃദയ സംഹിതയിൽ നിന്നുള്ള മൂന്ന് അദ്ധ്യായങ്ങളാണ് ഈ മത്സരത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

നാലുഘട്ടങ്ങളായി നടത്തുന്ന ഈ മത്സരത്തിന്റെ ആദ്യഘട്ടം നവംബർ 23ന് അതാത് കോളേജുകളിൽ നടന്നു. രാജ്യത്തെ 78 കോളേജുകളിൽ നിന്ന് 1300ൽപരം കുട്ടികൾ പങ്കെടുത്ത ഈ ഘട്ടത്തിൽ 500 പേരാണ് യോഗ്യത നേതിയത്. വിവിധ സോണലുകളിലായി ഡിസംബർ ഏഴിന് നടത്തപ്പെടുന്ന രണ്ടാംഘട്ടത്തിനൊടുവിൽ 64 പേർ മൂന്നാംഘട്ടത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. മൂന്നും നാലും ഘട്ടങ്ങൾ 26,27,28 തീയതികളിൽ അമൃതപുരി ക്യാമ്പസിൽ നടത്തും. 12 പേർ മത്സരിക്കുന്ന അവസാനഘട്ടത്തിൽ ഒന്നാം സമ്മാനം ഒരുലക്ഷം രൂപയും രണ്ടാം സമ്മാനം 50000 രൂപയും നൽകുന്നതിനൊപ്പം 500 രൂപയുടെ പ്രോത്സാഹന സമ്മാനങ്ങളും വിതരണം ചെയ്യും. ആയുർവേദ ചികിത്സയുടെ മൗലികസിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയുള്ള ദേശീയസെമിനാറും തെരഞ്ഞെടുക്കപ്പെടുന്ന ആയിരത്തിലധികം ആയുർവേദ വിദ്യാർത്ഥികൾ ചേർന്ന് അഷ്ടാംഗ ഹൃദയപാരായണം ചെയ്യുന്ന ഹൃദയഘോഷം എന്ന പരിപാടിയും അമൃതപുരിയിൽ നടക്കും. മാതാ അമൃതാനന്ദമയി ദേവിയുടെ സാന്നിധ്യത്തിലാണ് പരിപാടി നടക്കുന്നതെന്ന് അമൃത ആയുർവേദ സ്കൂൾ ഓഫ് പ്രിൻസിപ്പാൾ ഡോ.വാസുദേവൻ നമ്പൂതിരി പത്രസമ്മേളനത്തിൽ പറഞ്ഞു.